# അക്കാദമിക് മാസ്റ്റർ പ്ലാൻ



# 2025-2026

# G H S S NAVAIKULAM

# സ്കൂളിൻെറ വിവരങ്ങൾ

| | | |
|---|---|---|
| 1. സ്കൂളിൻെറ പേര് | : | ജി.എച്ച്.എസ്.എസ്,നാവായിക്കുളം |
| 2. സ്കൂളിൻെറ കോഡ് | : | 42034 |
| 3. റവന്യൂ ജില്ല | : | തിരുവനന്തപുരം |
| 4. മേൽവിലാസം | : | ജി.എച്ച്.എസ്.എസ്,നാവായിക്കുളം<br>നാവായിക്കുളം (P O)<br>തിരുവനന്തപുരം ജില്ല |
| 5. പിൻ കോഡ് | : | 695603 |
| 6. ഫോൺ | : | 0470-2692092 |
| 7. ഇ-മെയിൽ | : | navaikulamhs@gmail.com |
| 8. ഗ്രാമപഞ്ചായത്ത് | : | നാവായിക്കുളം ഗ്രാമപഞ്ചായത്ത് |
| 9. വിദ്യാഭ്യാസ ജില്ല | : | ആറ്റിങ്ങൽ |
| 10. സബ്ജില്ല | : | കിളിമാനൂർ |
| 11. ക്ലാസ്സുകൾ | : | 5 മുതൽ 12 വരെ |
| 12. ഭരണ വിഭാഗം | : | ഗവൺമെൻറ് |
| 13. പഠന മാധ്യമം | : | മലയാളം, ഇംഗ്ലീഷ് |

Aug 16, 2025, 13:48

# ആമുഖം

തിരുവനന്തപുരം ജില്ലയുടെ ഏകദേശം വടക്കേ അറ്റത്തായി സ്ഥിതിചെയ്യുന്ന നാവായിക്കുളം ഗ്രാമപഞ്ചായത്തിലാണ് നാവായിക്കുളം ഗവ.ഹയർ സെക്കൻററി സ്കൂൾ. പാഠ്യ-പാഠ്യേതര രംഗത്ത് സംസ്ഥാന തലത്തിൽ തന്നെ മാതൃകയായി നിലകൊള്ളുന്ന സ്കൂളാണിത്. തിരുവനന്തപുരം ജില്ലയിലെ ഏറ്റവും കൂടുതൽ വിദ്യാർത്ഥികൾ പഠിച്ച് എസ്.എസ്.എൽ.സി. പരീക്ഷ എഴുതി ഉന്നത വിജയം നേടുന്ന സ്കൂളുകളിൽ ഒന്നാണ് ഗവ.ഹയർ സെക്കൻററി സ്കൂൾ, നാവായിക്കുളം. ദേശീയ- സംസ്ഥാന തലത്തിൽ വിവിധ സ്കോളർഷിപ്പ് മത്സരങ്ങളിൽ പരിശീലനം നൽകുകയും മികവാർന്ന വിജയം നേടാനും സ്കൂളിന് കഴിയുന്നു. ഹയർ സെക്കൻററി തലത്തിലും മികവ് നിലനിർത്താൻ കഴിയുന്നു എന്നുള്ളത് എടുത്ത് പറയേണ്ടുന്ന മറ്റൊരു കാര്യം ആണ്.

സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണ് എന്ന വസ്തുത പ്രാവർത്തികമാക്കിക്കൊണ്ട് അക്കാദമിക രംഗത്തും കലാരംഗത്തും കായിക രംഗത്തും ഒരുപോലെ മികവ് വർദ്ധിപ്പിക്കുവാൻ സ്കൂളിന് കഴിയുന്നു. എല്ലാവരേയും ഉൾപ്പെടുത്തിക്കൊണ്ടുള്ള Inclusive Education പ്രാവർത്തികമാക്കാനായി വൈവിധ്യമാർന്ന ബോധന തന്ത്രങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ സ്കൂളിന് കഴിയുന്നു. കുട്ടികളുടെ പഠനത്തെ ബാധിക്കുന്ന വിവിധങ്ങളായ പ്രശ്നങ്ങളിൽ ഫലപ്രദമായ കൗൺസിലിംഗ് നൽകി പഠനത്തിന് സാഹചര്യമൊരുക്കുന്നു.

അക്കാദമിക രംഗത്തെ മികവിന് കാരണം ചിട്ടയായ പ്ലാനിംഗും അതിനനുസരിച്ചുള്ള പ്രവർത്തനങ്ങളുമാണ്. ഓരോ

പ്രവർത്തനവും കൃത്യമായി വിലയിരുത്തുകയും പോരായ്മകൾ ഉണ്ടെങ്കിൽ അപ്പപ്പോൾ പരിഹരിക്കുകയും ചെയ്യുന്നു. പൊതു വിദ്യാലയ സംരക്ഷണ യജ്ഞത്തിൻെറ ഭാഗമായി അക്കാദമിക രംഗത്തെ മുന്നേറ്റത്തിന് ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിന് പി.ടി.എ.യുടെ ഇടപെടലും, പൂർവ്വ വിദ്യാർത്ഥികൾ, നാട്ടുകാർ, ജനപ്രതിനിധികൾ, ജില്ലാ പഞ്ചായത്ത്, രക്ഷാകർത്താക്കൾ, തുടങ്ങിയവരുടെ പൂർണ്ണമായ സഹകരണവും ഉറപ്പ് വരുത്താൻ കഴിയുന്നു.

ഓരോ വർഷവും വിവിധ മത്സര പരീക്ഷകൾക്ക് ലഭിക്കുന്ന ഉന്നത വിജയങ്ങളും ഉപഹാരങ്ങളും കുട്ടികളുടെ വർദ്ധനവും സ്കൂളിൻെറ അക്കാദമിക നിലവാരത്തിനുള്ള അംഗീകാരമാണ്. ഇത് നിലനിർത്തിക്കൊണ്ട് മുന്നേറാനും കൂടുതൽ ഗുണപരമായ പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്താനുമാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്. ഇതിലെ ഓരോ പ്രവർത്തനവും നടപ്പിലാക്കി കുട്ടികൾക്ക് ആവശ്യമായതെന്തോ അത് നൽകാനും നാളെയുടെ വാഗ്ദാനങ്ങളായി അവരെ മാറ്റാനും നമുക്ക് സാധിക്കുന്ന് എന്ന് പ്രതീക്ഷിക്കട്ടെ........

Aug 16, 2025, 13:49

# ഹയർ ഹയർസെക്കൻററി സ്കൂൾ ചരിത്രം

തിരുവനന്തപുരം ജില്ലയിലെ ആറ്റിങ്ങൽ വിദ്യാഭ്യാസ ജില്ലയിൽ കിളിമാനൂർ ഉപജില്ലയിൽ നാവായിക്കുളം ഗ്രാമപഞ്ചായത്തിന്റെ ഹൃദയ ഭാഗത്തായി സ്ഥിതി ചെയ്യുന്ന ഒരു സർക്കാർ വിദ്യാലയമാണ് ഗവൺമെൻറ് എച്ച്.എസ്.എസ്, നാവായിക്കുളം. 1910-ൽ സ്ഥാപിച്ച ഈ വിദ്യാലയം തിരുവനന്തപുരം ജില്ലയിലെ ഏറ്റവും പഴക്കമേറിയ വിദ്യാലയങ്ങളിൽ ഒന്നാണ്. കല-സാഹിത്യ-സംസ്കാര പാരമ്പര്യത്തിൻെറ ചരിത്ര ഭൂമികയിൽ തലമുറകൾക്ക് അക്ഷര വെളിച്ചം പകർന്നു നൽകിക്കൊണ്ടിരിക്കുന്ന നാവായിക്കുളത്തിൻെറ വിദ്യാലയ മുത്തശ്ശി **നൂറ്റി ഇരുപതാം വയസ്സിലേയക്ക്** കടക്കുകയാണ്.

ഇത് നാവായിക്കുളത്തിൻെറ മുത്തശ്ശി വിദ്യാലയം. നാട്ടു മനുഷ്യരെ വിദ്യയുടെ തിരുമുറ്റങ്ങൾക്ക് അകലേക്കു മാറ്റി നിർത്തപ്പെട്ടിരുന്ന ഇരുണ്ട കാലത്ത് അക്ഷരവിദ്യ സ്വപ്നം കണ്ടവർക്കൊക്കെയും എഴുതി പഠിക്കുവാൻ പൊതു ഇടമായി നിലകൊണ്ട **ചരിത്രപ്പഴമ** ഈ അക്ഷര മുത്തശ്ശിയുടെ പാരമ്പര്യമാണ്. രാജകീയ വിളംബരങ്ങൾക്ക് കേൾവിപ്പെട്ട ഈ സംസ്കാരത്തിൻെറ എല്ലാ ചലനങ്ങളിലും ഈ സ്കൂൾ നിറഞ്ഞു നിൽക്കുന്നു.

മലയാളത്തിൻെറ മഹാകവി ആയിരുന്ന ശ്രീ.വി.എം.അപ്പൻ തുടങ്ങിയ ഉന്നത ശീർഷരായ ഗുരുവര്യനാർ ഈ കാലത്തിന് പെരുമറ നൽകി കടന്നുപോയവരാണ്. വിജ്ഞാന ശേഖരണത്തിൻെറ -മനുഷ്യ നന്മയുടെ- സംസ്കാരത്തിൻെറ കാളി മുറ്റങ്ങൾ തീർത്ത് ബാല്യ കൗമാര കൗതുകങ്ങളുടെ തുടിപ്പ് ഹൃദയത്തിൽ ഏറ്റുവാങ്ങി യവ്വനം



Aug 16, 2025, 13:49

തുടിക്കുന്ന അക്ഷരമുത്തശ്ശിയായി ഇന്നും വിജയഗാഥകൾ രചിച്ചുകൊണ്ടേയിരിക്കുന്നു. ഇനിയും ഒരുപാട് ദൂരം മുന്നേറാൻ കാത്തിരിക്കുന്നു.

# ഗവ.ഹയർ സെക്കൻററി സ്കൂൾ, നാവായിക്കുളം ഇന്ന്

20 പ്രൈമറി അധ്യാപകരും 34 ഹൈസ്കൂൾ അധ്യാപകരും 15 ഹയർ സെക്കൻററി അധ്യാപകരും 8 അനധ്യാപകരും അടങ്ങുന്ന സ്റ്റാഫുകൾ. 1700 ഓളം വിദ്യാർത്ഥികൾ. അതി വിശാലമായ കളിസ്ഥലം. 40 ഓളം കംപ്യൂട്ടറുകൾ. ബ്രോഡ് ബാൻറ് ഇൻറർനെറ്റ് സൗകര്യം എന്നിവയോടുകൂടി ഐ.ടി.ലാബ് പ്രവർത്തിക്കുന്നു. കുട്ടികളുടെ പഠനം എളുപ്പവും സൗകര്യവുമാക്കുന്നതിന് അനുയോജ്യമായ രീതിയിലുള്ള ക്ലാസ്സ് മുറികൾ. ഹൈസ്കൂളിനും ഹയർ സെക്കൻററികൾക്കും വെവ്വേറെ കംപ്യൂട്ടർ ലാബുകൾ. കൗൺസിലർ, ഓപ്പൺ ആഡിറ്റോറിയം, സ്റ്റോർ എന്നിവ സ്കൂളിൻെറ പ്രത്യേകതയാണ്. വിവിധ റൂട്ടുകളിലേയ്ക്ക് രണ്ട് ബസ് സൗകര്യമുണ്ട്. കൂടാതെ ഗണിത ശാസ്ത്ര സാമൂഹ്യ ശാസ്ത്ര ലാബുകളും ഉണ്ട്.

തിരുവനന്തപുരം ജില്ലയിൽ ഇന്ന് അക്കാദമിക നിലവാരത്തിൽ ഒന്നാം സ്ഥാനത്തേയ്ക്ക് കുതിച്ചുകൊണ്ടിരിക്കുന്ന വിദ്യാലയം. വർക്കല താലൂക്കിൽ ഏറ്റവും കൂടുതൽ കുട്ടികൾക്ക് എസ്.എസ്.എൽ.സി -ക്ക് ഫുൾ A+ നേടുന്നു. **100 % വിജയം** കൈവരിക്കുന്ന U S S, N H M S തുടങ്ങിയ മത്സര പരീക്ഷയിൽ കൂടുതൽ കുട്ടികളെ അർഹരാക്കുന്നു. പാഠ്യ-പാഠ്യേതര രംഗത്ത് ഏറെ മികവ് പുലത്തുന്ന വിദ്യാലയം

എന്നിങ്ങനെ ഖ്യാതികൾ നിരവധി. പുതുമയാർന്ന പ്രവർത്തനങ്ങളിലൂടെ അക്കാദമിക ലക്ഷ്യങ്ങൾ പ്രാവർത്തികമാക്കിക്കാനുള്ള ശ്രമത്തിൻെറ ഭാഗമാണ് ഈ അക്കാദമിക ലക്ഷ്യങ്ങൾ പ്രാവർത്തികമാക്കാൻ ഉള്ള ശ്രമത്തിൻെറ ഭാഗമാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്.

## അക്കാദമിക നേട്ടങ്ങൾ

തുടർച്ചയായി **H S / H S S** വിഭാഗങ്ങളിൽ നേടുന്ന മികച്ച വിജയം. ഓരോ വർഷവും വർദ്ധിച്ചു വരുന്ന **FULL A+, U S S SCHOLERS** കാരുടെ എണ്ണം. കലാകായിക രംഗങ്ങളിൽ സ്റ്റേറ്റ് നിലവാരം പാലിക്കാൻ കഴിയുന്നു. സംസ്ഥാന കലോത്സവത്തിൽ **A ഗ്രേഡ്** നേടി സാന്നിദ്ധ്യം അറിയിക്കുന്നു. **S P C, J R C, N S S , LITTLE KITES** കുട്ടികളുടെ ജീവകാരുണ്യ പ്രവർത്തനങ്ങൾ. ചിട്ടയായ പരിശീലനം. പുരസ്കാരങ്ങൾ വാരിക്കൂട്ടി, കുട്ടികളുടേയും അദ്ധ്യാപകരുടേയും പങ്കാളിത്തത്തിൽ പുറത്തിറക്കിയ **ഷോർട്ട് ഫിലിം (വെളിച്ചത്തിലേയ്ക്ക്).** ഗവ.ഹയർ സെക്കൻററി വിഭാഗത്തിൽ 1200/1200 മാർക്ക് നേടാൻ കുട്ടികൾക്ക് കഴിയുന്നു എന്നത് അക്കാദമി മികവിൻെറ ഏറ്റവും വലിയ തെളിവാണ്.

## അക്കാദമിക പരിമിതികൾ

എല്ലാ ക്ലാസ്സ് മുറികളും ഹൈടെക് നിലവാരത്തിലേയ്ക്ക് ഉയർന്നിട്ടില്ലാ എന്നത് വലിയ ഒരു പരിമിതിയാണ്. യൂ പി-യ്ക്ക് പ്രത്യേകമായി I T LAB സജ്ജീകരണം ഇല്ല. ആദ്യ ശ്രമത്തിൽ തന്നെ 100% വിജയം നേടാൻ കഴിഞ്ഞില്ല. ഭാഷാ- ഗണിത- വിഷയങ്ങളിൽ ചെറിയ ഒരു വിഭാഗം കുട്ടികൾക്കെങ്കിലും കൂടുതൽ മുന്നേറാൻ കഴിയുന്നില്ല.

## ഭൗതിക നേട്ടങ്ങൾ

ഹൈസ്കൂൾ, യൂ പി വിഭാഗങ്ങൾക്ക് മാത്രമായി 6 കെട്ടിടങ്ങളിലായി 65 ഓളം ക്ലാസ്സ് മുറികൾ സജ്ജീകരിച്ചിട്ടുണ്ട്. പുതിയതായി ഒരു ഓപ്പൺ ആഡിറ്റോറിയം നിർമ്മിച്ചിട്ടുണ്ട്. ഹൈടെക് ക്ലാസ്സ് മുറികളിൽ പ്രൊജക്ടറുകളും ലാപ്പ്ടോപ്പുകളും സജ്ജീകരിച്ചിട്ടുണ്ട്. കുട്ടികൾക്ക് വായനയക്ക് ആവശ്യമായ ലൈബ്രറി പ്രത്യേകമായി തന്നെ ഒരുക്കിയിട്ടുണ്ട്. അതി വിശാലമായ കളിസ്ഥലം ലഭ്യമാണ്. സ്കൂളിനു ചുറ്റും ചുറ്റുമതിലും ഗേറ്റുകളും വച്ച് സുരക്ഷിതമാക്കിയിട്ടുണ്ട്. ആൺ കുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകമായി ശുചിമുറികൾ ഉണ്ട്. ഐ.റ്റി., ഗണിത ശാസ്ത്ര സാമൂഹ്യ ശാസ്ത്ര ലാബുകൾ ഉണ്ട്. നാൽപ്പതോളം കംപ്യൂട്ടർ ഉള്ള

രണ്ട് ഐ.റ്റി. ലാബ് ഉണ്ട്. കുട്ടികൾക്ക് ഉണ്ടാകുന്ന ശാരീരിക അവശതകൾക്ക് വിശ്രമിക്കുവാനായി പ്രത്യേക സിക്ക് റൂം ഒരുക്കിയിട്ടുണ്ട്. ജില്ലാ പഞ്ചായത്തിൻറെ നേതൃത്വത്തിൽ സ്കൂൾ കാൻറീൻ പ്രവർത്തിക്കുന്നുണ്ട്. ബയോ-ഗ്യാസ് പ്ലാൻറ് വലിയ ഒരു ആശ്വാസമാണ് വേസ്റ്റ് മാനേജ്മെൻറിന്റെ കാര്യത്തിൽ.

## ഭൗതിക പരിമിതികൾ

പ്രൈമറി ക്ലാസ് മുറികൾ ഹൈടെക് നിലവാരത്തിലേക്ക് ഉയർത്താനും പ്രത്യേകമായി I T LAB സജ്ജീകരിക്കാനും കഴിഞ്ഞിട്ടില്ല. ലൈബ്രറി ഉണ്ടെങ്കിലും വിശാലമായ റീഡിങ് റൂം സജ്ജീകരിക്കണം. ഡിജിറ്റൽ ലൈബ്രറി ഒരുക്കുന്നതിനുമുള്ള കംപ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും ആവശ്യമായിട്ടുണ്ട്. കുട്ടികൾക്ക് ഉച്ചഭക്ഷണം കഴിക്കാനുള്ള ഹാളിൽ ഫർണിച്ചറുകൾ ഇല്ല. ആധുനിക സൗകര്യങ്ങളോടുകൂടിയ ശൗചാലയങ്ങൾ കൂടുതലായി പണിയേണ്ടതുണ്ട്. നിലവിലുള്ളവ മെച്ചപ്പെടുത്തണം. ഭിന്നശേഷി സൗഹൃദ ക്ലാസ്സ് റൂമുകളും ശുചിമുറികളും ഒരുക്കണം. ആകർഷകമായ പൂന്തോട്ടം ഒരുക്കണം. വിശാലമായ കളിസ്ഥലം ഉണ്ടെങ്കിലും ഒരു സ്പോർട്സ് പവിലിയൻ, ഇൻഡോർ സ്റ്റേഡിയം എന്നിവ ഇന്നും ഒരു സ്വപ്നമായി നിലനിൽക്കുന്നു.

# സാമൂഹിക നേട്ടങ്ങൾ

സ്കൂളിലെ വൈവിധ്യമാർന്ന സന്നദ്ധ സംഘടനകളുടെ പ്രവർത്തനം സമൂഹവുമായി സ്കൂളിനെ ബന്ധിപ്പിക്കുന്നതിന് ഏറെ സഹായിക്കുന്നു. അതുപോലെ സ്കൂളിലെ വിവിധ ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ സമൂഹവുമായി സ്കൂളിനെ ബന്ധിപ്പിക്കുന്നു. സാമൂഹ്യ ശുചിത്വം, ട്രാഫിക് നിയന്ത്രണം, വൃക്ഷതൈ നടൽ തുടങ്ങിയ പ്രവർത്തനങ്ങൾ ഏറെ മാതൃകാപരമായി നടത്തുകയും സമൂഹത്തിൻറെ അംഗീകാരം പിടിച്ചു പറ്റിയതുമാണ്. ഭിന്നശേഷി കുട്ടികളുടെ വീട് സന്ദർശിച്ച് അവർക്ക് വേണ്ടുന്ന സഹായങ്ങൾ എത്തിക്കാനും കുട്ടികളെ ചേർത്ത് പിടിക്കാനും ഉള്ള പ്രവർത്തനങ്ങൾ നടത്തി വരുന്നു. സ്കൂൾ പ്രവർത്തനങ്ങൾ മാതൃകാപരമായ ഇടപെടലുകൾ നടത്തുന്ന കരുത്തുറ്റ പി റ്റി എ, എസ് എം സി, എം പി റ്റി എ തുടങ്ങിയവ സ്കൂളിനെ സമൂഹവുമായി കൂടുതൽ അടുപ്പിക്കുന്നു. സ്കൂളും സമൂഹവും രണ്ടല്ലാ ഒന്നാണ് എന്ന് ഓർമിപ്പിക്കുന്നു.

# പരിമിതികൾ

പ്രവർത്തനങ്ങളുടെ ബാഹുല്യം കൊണ്ടും പഠന സമയം കൂടുതൽ നഷ്ടപ്പെടുന്നതിനാലും പഠന സമയത്തുള്ള ചില പ്രവർത്തനങ്ങളെങ്കിലും ഏറ്റെടുക്കാൻ കഴിയാതെ വരുന്നു.

## അക്കാദമിക മികവിനായി ഏറ്റെടുക്കേ പ്രവർത്തനങ്ങൾ

### വികസന ലക്ഷ്യങ്ങൾ

1. ഭാഷാശേഷി വികസനം
2. ഗണിത ശേഷി വികസനം
3. ഇംഗ്ലീഷ് പഠനം - അനായാസകരമാക്കൽ
4. വായനാ ശേഷി വർദ്ധിപ്പിക്കൽ
5. ശാസ്ത്രപോഷണ പരിപാടി
6. ലാബോറട്ടറി നവീകരണം - ശാസ്ത്രം, ഗണിതം & SS
7. പ്രതിഭാപോഷണ പരിപാടി
8. ലൈബ്രറി ശാക്തീകരണം
9. ജൈവ വൈവിധ്യപാർക്ക് - ഒരുക്കൽ
10. സ്കോളർഷിപ്പ് പരീക്ഷാ പരിശീലനം
11. പഠനയാത്രകൾ
12. സ്കൂൾ പത്രം, മാസിക
13. അധ്യാപക ശാക്തീകരണം - സ്കൂൾ SRG തലം
14. പ്രവൃത്തി പരിചയ പരിശീലനം
15. കലാപരിപോഷണം
16. പച്ചക്കറിത്തോട്ടം
17. സാഹിത്യ ശില്പശാലകൾ
18. മെഡിക്കൽ ക്യാമ്പുകൾ
19. രക്തഗ്രൂപ്പ് നിർണയം
20. ലഘുഭക്ഷണം കാര്യക്ഷമമാക്കി പഠനത്തിന് സജ്ജമാക്കൽ
21. സ്കൂൾ ബ്ലോഗ് കാര്യക്ഷമമാക്കൽ
22. ഭാഷാ ലാബ്

Aug 16, 2025, 13:50

23. ദിനാചരണങ്ങൾ - ശക്തിപ്പെടുത്തൽ

24. ഗവേഷണാത്മക പഠനം

25. കായികശേഷി വികസനം

26. വിലയിരുത്തൽ കാര്യക്ഷമമാക്കൽ

27. ചോദ്യപേപ്പർ ശില്പശാല

28. ഐ.ടി.പഠനം - കാര്യക്ഷമമാക്കൽ

29. ജന്മദിന പുസ്തകം

30. ചിത്രരചനാ ക്യാമ്പ്

31. ശാസ്ത്ര, ഗണിതശാസ്ത്ര, SS, IT പ്രവൃത്തി പരിചയ മേളകൾ

32. ക്ലാസ് പി.ടി.എ. കാര്യക്ഷമമാക്കൽ

## പ്രവർത്തനം - വിശദാംശങ്ങൾ

### ഉപമേഖല - ഇംഗ്ലീഷ് ഭാഷാ പഠനം
#### പ്രവർത്തനം 1 - ഭാഷാശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് നന്നായി വായിക്കാനും എഴുതാനും സംസാരിക്കാനും ഉള്ള ശേഷി വികസനം. | 1).ഇംഗ്ലീഷിൽ തന്നെ ഇംഗ്ലീഷ് ക്ലാസ് കൈകാര്യം ചെയ്യൽ. | എല്ലാ ക്ലാസ്സും | ബന്ധപ്പെട്ട ടീച്ചർ | |
| | 2). ഇംഗ്ലീഷ് ക്ലബ്ബിന്റെ പ്രവർത്തനം കാര്യക്ഷമമാക്കൽ - ഇംഗ്ലീഷിൽ ഡിബേറ്റ്, സെമിനാർ, പ്രസംഗം തുടങ്ങിയവ സംഘടിപ്പിക്കൽ | ആഴ്ചയിൽ ഒരു ദിവസം ഒരു വർഷത്തേക്ക് | ഇംഗ്ലീഷ് ക്ലബ്ബ് സെക്രട്ടറി, ക്ലാസ് ടീച്ചർ ഇൻചാർജ് | |
| | 3). ആഴ്ചയിൽ ഒരു ദിവസം ഇംഗ്ലീഷ് അസംബ്ലി. മാറി മാറി ഓരോ ക്ലാസിനും ചുമതല | ആഴ്ചയിൽ ഒരു ദിവസം | ക്ലാസ് ടീച്ചർ | |
| | 4). ഇംഗ്ലീഷിൽ ഡയറി എഴുത്ത് - ഓരോ കുട്ടിയും. | എല്ലാ ദിവസവും - തുടർച്ചയായി | ഇംഗ്ലീഷ് അധ്യാപകർ | |

### ഉപമേഖല: ഇംഗ്ലീഷ്
#### പ്രവർത്തനം: 2 ഇംഗ്ലീഷ് തിയറ്റർ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷയിൽ സർഗ്ഗാത്മക ശേഷി വികസനം | 1). ഇംഗ്ലീഷ് കഥ, കവിത - രചനാ ക്യാമ്പ്. ഉൽപ്പന്നങ്ങൾ പ്രസിദ്ധീകരിക്കൽ - (CPTAകാണിക്കൽ). | 3 മാസത്തിൽ ഒരിക്കൽ - 1 വർഷം | ഇംഗ്ലീഷ് ടീച്ചർ | 2000/പി.ടി.എ, പ്രാദേശിക സഹായം |

| | | | | |
|---|---|---|---|---|
| | 2). പാഠഭാഗങ്ങളെ വ്യത്യസ്തമായ വ്യവഹാര രൂപങ്ങളിലേക്ക് മാറ്റി അവതരണം. സ്കിറ്റ്, നാടകം, സംഭാഷണം തുടങ്ങിയ രീതികൾ. | മാസത്തിൽ ഒരിക്കൽ. | ഇംഗ്ലീഷ് ടീച്ചർ, ക്ലബ്ബ് സെക്രട്ടറി | 2000/പി.ടി.എ |
| | 3). ഇംഗ്ലീഷ് ന്യൂസ് റീഡിംഗ്. | ആഴ്ചയിൽ ഒരു ദിവസം | ഇംഗ്ലീഷ് ടീച്ചർ | - |
| | 4). ഇംഗ്ലീഷ് സിനിമാ പ്രവർത്തനം. | 2 മാസത്തിൽ | ഇംഗ്ലീഷ് ക്ലബ്ബ് ഇൻചാർജ് | പി.ടി.എ |
| വ്യാകരണ ശുദ്ധിയോടെ ഭാഷ ഉപയോഗിക്കുന്നതിനുള്ള ശേഷി നേടൽ | സ്കൂൾ അധിക സമയം കണ്ടെത്തി (9 to 10, 4 to 5) വ്യാകരണത്തിന് പ്രാധാന്യം നൽകി ക്ലാസ് | ഇംഗ്ലീഷ് ടീച്ചർ<br>ആഴ്ചയിൽ 2 ദിവസം | ഇംഗ്ലീഷ് ടീച്ചർ | പി.ടി.എ 1000/for Refreshment |
| വായന പരിപോഷിപ്പിക്കൽ | ക്ലാസ് ലൈബ്രറിയിൽ ഇംഗ്ലീഷ് പ്രസിദ്ധീകരണങ്ങൾ, പുസ്തകം എന്നിവ ഉൾക്കൊള്ളിക്കൽ - വായനാ കുറിപ്പ് തയ്യാറാക്കൽ | ആഴ്ചയിൽ ഒരു ദിവസം | ഇംഗ്ലീഷ് ടീച്ചർ | - |
| കുട്ടികളുടെ രചനകൾ സമൂഹത്തിലേക്ക് | കുട്ടികളുടെ രചനകൾ സ്കൂൾ വിക്കിയിൽ ചേർക്കൽ. | പ്രതിമാസം | ഇംഗ്ലീഷ് ക്ലബ്ബ് സെക്രട്ടറി | - |

Aug 16, 2025, 13:50

**ഉപമേഖല - മലയാളം**

**പ്രവർത്തനം 1 - ഭാഷാശേഷി വികസനം**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1). എല്ലാ കുട്ടികൾക്കും മലയാളം അനായാസമായി എഴുതാനും വായിക്കാനും ഉള്ള ശേഷി വികസനം (ശ്രദ്ധ, നവപ്രഭ) ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1). അക്ഷരം ഉറപ്പിക്കൽ<br>2).ചിഹ്നം ഉറപ്പിക്കൽ<br>3). പദ നിർമ്മാണം<br>4).വാക്യനിർമ്മാണം<br>5). ഭാഷാപരമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേകം ക്ലാസ് | 2 മാസം 1 വർഷക്കാലം | മലയാളം ടീച്ചർ, SRG | PTA, Dept. |
| 2).എല്ലാ കുട്ടികളെയും സ്വതന്ത്ര വായനക്കാരാക്കുക | 1. ക്ലാസ് വായനാക്കൂട്ടം രൂപീകരിക്കൽ.<br>2.ക്ലാസ് ലൈബ്രറി നവീകരിക്കൽ<br>3. പുതുവർഷം പുസ്തകവർഷം<br>4.ക്ലാസ് നിലവാരത്തിനനുസരിച്ച് പുസ്തകങ്ങൾ ലഭ്യമാക്കൽ.<br>5. വായനക്കൊരു വാർഷിക പദ്ധതി (ഓരോ ക്ലാസ്സിലെയും വായനാ ലക്ഷ്യം തീരുമാനിക്കൽ)<br>6. സ്കൂൾ ലൈബ്രറി നവീകരണം<br>7.റീഡിംഗ് റൂം പ്രത്യേക സൗകര്യമൊരുക്കൽ<br>8.വായനോത്സവം<br>9.ജന്മദിന പുസ്തകം<br>10.പത്രവായന | 6 മാസം- 1 വർഷം<br>ആവശ്യമനുസരിച്ച്<br>3 മാസം<br>6 മാസം-1 വർഷം | വിദ്യാരംഗം ചാർജ് മലയാളം ടീച്ചർ<br>മലയാളം അധ്യാപകർ, SRG<br>മലയാളം ടീച്ചർ | PTA<br>PTA 10,00,000/-<br>-<br>-<br>- |

**ഉപമേഖല:**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക/ പിന്തുണ |
|---|---|---|---|---|
| 1.പത്രവായന പരിപോഷിപ്പിക്കുക | പത്രവായന - പരമാവധി പത്രങ്ങൾ സ്പോൺസർഷിപ്പിലൂടെ ലഭ്യമാക്കൽ. | 3 മാസം | വിദ്യാരംഗം ഇൻ ചാർജ് | PTA |
| | ഓരോ ക്ലാസിനും ഓരോ പത്രം. | | " | |
| | രാവിലെ പ്രധാന പത്രവാർത്തകളുടെ അവതരണം | ദിവസേന | | PTA |
| | പത്രക്വിസ് | ആഴ്ചയിൽ ഒരു ദിവസം | മലയാളം അധ്യാപകർ | |
| 2.സർഗ്ഗശേഷി വികസനം | വായനാനുഭവം പങ്കുവെക്കൽ | | | |
| | സാഹിത്യക്വിസ്- രചനാ ശില്പശാല (കവിത,കഥ) | വർഷത്തിൽ 1 തവണ | SRG | PTA |
| | കവിതാലാപന മത്സരം | മാസത്തിൽ 1 തവണ | വിദ്യാരംഗം | |
| | ക്ലാസ്തല, സ്കൂൾതല പത്രം പ്രസിദ്ധീകരിക്കൽ | മാസത്തിൽ 1 തവണ<br>6 മാസത്തിൽ ഒരിക്കൽ | വിദ്യാരംഗം SRG | PTA 15000/- Sponsorship |
| | പുസ്തകചർച്ച, പുസ്തകാസ്വാദനം ഇ-വായന | മാസത്തിൽ 1 തവണ | വിദ്യാരംഗം | |
| | സാഹിത്യക്കാരനുമായി സംവദിക്കൽ | വർഷത്തിൽ 1 തവണ | വിദ്യാരംഗം SRG | PTA |
| | അമ്മമാർക്കൊരു പുസ്തകം (വീടുകളിലേക്ക് കുട്ടികൾ വശം) | ആഴ്ചയിൽ ഒരിക്കൽ | വിദ്യാരംഗം | |

## ഉപമേഖല - ദിനാചരണങ്ങൾ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക |
|---|---|---|---|---|
| വിവിധ ശേഷികളുടെവികസം | ജൂൺ മുതൽ മാർച്ച് വരെ പ്രധാന ദിനാചരണങ്ങൾ പഠനപ്രവർത്തനമായി സംഘടിപ്പിക്കൽ | ജൂൺ-മാർച്ച് | SRG | - |

## ഉപമേഖല - സോഷ്യൽ സയൻസ് - മോക്ക് പാർലിമെന്റ്

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക |
|---|---|---|---|---|
| ജനാധിപത്യമൂല്യങ്ങൾ വളർത്തിയെടുക്കൽ | പ്രകടനപത്രിക, പ്രചാരണം, മിറ്റ് ദ കാൻഡിഡേറ്റ്, ബാലറ്റ് പേപ്പർ ഉപയോഗിച്ചുള്ള വോട്ടെടുപ്പ് എന്നിവയിലൂടെ സ്കൂൾ പാർലിമെന്റ് രൂപീകരണം | | | |
| | തുടർന്ന് മോക്ക് പാർലിമെന്റ് സംഘടിപ്പിക്കൽ | വർഷത്തിൽ നാല് തവണ | SS അധ്യാപകർ, സ്കൂൾ പാർലിമെന്റ് ഭാരവാഹികൾ | |

## ഉപമേഖല - സാമൂഹ്യശാസ്ത്രം ലൈബ്രറി കോർണർ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക |
|---|---|---|---|---|
| സാമൂഹ്യ ശാസ്ത്ര പഠനം കാര്യക്ഷമമാക്കൽ | അധികവായനക്ക് ഉപകരിക്കുന്ന പുസ്തകങ്ങൾ അറ്റ്ലസുകൾ തുടങ്ങിയവ ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി എന്നിവയിൽ | വർഷത്തിൽ 1 തവണ | SS Teachers | - |
| | പ്രദർശിപ്പിക്കൽ തുടർന്ന് ക്ലാസ് ലൈബ്രറിയിൽ വിതരണം. | ആഴ്ചയിൽ 1 തവണ | " | - |

## ഉപമേഖല - സാമൂഹ്യശാസ്ത്ര ബുള്ളറ്റിൻ ബോർഡ്

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | ഏജൻസി/ സാമ്പത്തിക |
|---|---|---|---|---|
| സാമൂഹ്യ ശാസ്ത്ര-നൂതന അറിവുകൾ- കണ്ടെത്തലുകൾ പ്രദർശനം | എല്ലാ കുട്ടികൾക്കും കാണാനും വായിക്കാനും ഉതകുന്ന രീതിയിൽ S.S. കോർണറിൽ ബുള്ളറ്റിൻ ബോർഡ് സ്ഥാപിക്കുകയും വിവരങ്ങൾ അപ്ഡേറ്റ് ചെയ്ത് ഒട്ടിക്കൽ. | എല്ലാ ദിവസവും ഒരു വർഷം | S.S.ക്ലബ്ബ് | - |

## ഉപമേഖല - പഠനയാത്രകൾ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | ഏജൻസി/ സാമ്പത്തിക |
|---|---|---|---|---|
| പഠനയാത്രകളിലൂടെ ചരിത്രസ്മാരകങ്ങൾ, മ്യൂസിയങ്ങൾ, ചുമർചിത്രങ്ങൾ, ക്ഷേത്രകലകൾ, കോട്ടകൾ തുടങ്ങിയവയെക്കുറിച്ച് കൂടുതൽ മനസ്സിലാക്കൽ | സാമൂഹ്യപ്രാധാന്യമുള്ള സ്ഥലങ്ങൾ, ചരിത്രസ്മാരകങ്ങൾ തുടങ്ങിയ ഇടങ്ങളിലേക്ക് നടത്തുന്ന പഠനയാത്രകൾ | വർഷത്തിൽ 1 തവണ | S.S.ടീച്ചേർസ് | PTA |

## ഉപമേഖല - സംവാദം, സെമിനാർ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | ഏജൻസി/ സാമ്പത്തിക |
|---|---|---|---|---|
| ആനുകാലിക വിഷയങ്ങളെക്കുറിച്ച് സംവാദം. പ്രത്യേക വിഷയങ്ങളിൽ സെമിനാർ തുടങ്ങിയവ (കൂടുതൽ അറിയാൻ) | സമകാലിക പ്രസക്തിയുള്ള വിഷയങ്ങളിൽ സംവാദം, സെമിനാർ, പാനൽ ചർച്ച തുടങ്ങിയവ സംഘടിപ്പിക്കൽ | മാസത്തിൽ 1 വീതം | SRG, S.S.Club | ജനപ്രതിനിധികൾ, 10,000/- PTA |

## ഉപമേഖല - ആരോഗ്യമുള്ള ശരീരം,മനസ്സ് രൂപപ്പെടുത്തൽ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | ഏജൻസി/ സാമ്പത്തിക |
|---|---|---|---|---|
| ആരോഗ്യമുള്ള ശരീരം, ആരോഗ്യമുള്ള മനസ്സ് രൂപപ്പെടുത്തൽ, വിദ്യാഭ്യാസം ഫലപ്രദമാക്കൽ | 1. കരാട്ടെ, തെയ്ക്കോ ാ, കളരിപ്പയറ്റ്, പൂരക്കളി തുടങ്ങിയവയിൽ പരിശീലനം. | ആഴ്ചയിൽ എല്ലാ ദിവസവും വൈകീട്ട് (പ്രവൃത്തി ദിനങ്ങളിൽ) 3 മാസം | കായികാധ്യാപകൻ | 25,000/- വിദ്യാഭ്യാസ വകുപ്പ് |
| | 2.സ്വയം പ്രതിരോധം പെൺകുട്ടികൾക്ക് മേൽപ്പറഞ്ഞവയിൽ പെൺകുട്ടികൾക്ക് പരിശീലനം (പൂരക്കളി ഒഴികെ) | ആഴ്ചയിൽ പ്രവൃത്തി ദിനങ്ങളിൽ വൈകീട്ട് 4 to 5 മണി 3 മാസം | കായികാധ്യാപകൻ | 25,000/- വിദ്യാഭ്യാസ വകുപ്പ് |

## ഉപമേഖല - സ്കോളർഷിപ്പ് പരീക്ഷ പരിശീലനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പരമാവധി കുട്ടികൾക്ക് വിവിധ സ്കോളർഷിപ്പുകൾ മത്സര പരീക്ഷയിലൂടെ ലഭ്യമാക്കൽ | NMMS ഉൾപ്പെടെയുള്ള സ്കോളർഷിപ്പ് പരീക്ഷകൾക്ക് ചിട്ടയായ പരിശീലനത്തിലൂടെ ജില്ലയിൽ തന്നെ ഏറ്റവും കൂടുതൽ കുട്ടികൾക്ക് സ്കോളർഷിപ്പ് ഉറപ്പുവരുത്തൽ. | 1 വർഷത്തിൽ 3 മാസം | സയൻസ് ടീച്ചർ | - |

Aug 16, 2025, 13:50

**മേഖല - അക്കാദമികം - സാമൂഹികം**

**ഉപമേഖല: CPTA ശക്തിപ്പെടുത്തൽ**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| CPTA ശക്തിപ്പെടുത്തി മുഴുവൻ രക്ഷിതാക്കൾക്കും കുട്ടികളുടെ മികവ്, പോരായ്മകൾ എന്നിവ തിരിച്ചറിയാനും മുന്നോട്ടെത്തിക്കുന്നതിൽ സഹകരണം ഉറപ്പുവരുത്തലും | CPTA യോഗം കാര്യക്ഷമമായി നടത്തൽ, കുട്ടികളുടെ പഠനനേട്ടങ്ങൾ, പഠനതെളിവുകൾ, എത്താതെ പോയ പഠനനേട്ടം തുടങ്ങിയവയുടെ അവതരണം CPTA യിൽ. | 1 വർഷത്തിൽ 3 മാസത്തിൽ ഒരിക്കൽ | SRG, ക്ലാസ് ടീച്ചർ | - |

**മേഖല - അക്കാദമികം - സാമൂഹികം**

**ഉപമേഖല: പ്രാദേശിക പി.ടി.എ (കോർണർ പി.ടി.എ)**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പ്രാദേശിക പി.ടി.എ. രൂപീകരിക്കലും അക്കാദമിക കാര്യങ്ങൾ പങ്കുവെക്കലും സ്കൂൾ പ്രവർത്തനങ്ങളിൽ സമൂഹ പങ്കാളിത്തം ഉറപ്പുവരുത്തലും | SSLCക്ക് മികച്ച വിജയം നേടുന്നതിന് 10-ാംതരം വിദ്യാർത്ഥികളുടെ രക്ഷിതാക്കളെ മേഖലകളായി തിരിച്ച് പ്രാദേശിക പി.ടി.എ.യോഗങ്ങൾ ചേരൽ | വർഷത്തിൽ 3 പ്രാവശ്യം തുടക്കത്തിലും ഡിസംബർ ജനുവരി മാസങ്ങളിലും | PTA, SRG | PTA 5000 for Refreshment |

## ഉപമേഖല: ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തൽ. | 1.ശാസ്ത്രതത്വങ്ങൾ ലളിതമായ പരീക്ഷണങ്ങളിലൂടെയുള്ള കുട്ടികളുടെ അവതരണം പരീക്ഷണക്കളരി-പരീക്ഷണങ്ങൾ പൊതുസമൂഹത്തിന് മുന്നിൽ പ്രദർശിപ്പിക്കൽ. | വർഷത്തിൽ 1 തവണ | സയൻസ് ക്ലബ്ബ് | 1000/പി.ടി.എ. |
| | 2.സ്കൂൾ തല സയൻസ് എക്സിബിഷൻ | വർഷത്തിൽ 1 തവണ | സയൻസ് ക്ലബ്ബ് | - |
| | 3.ഗവേഷണാത്മക പ്രോജക്റ്റ് ഏറ്റെടുത്തുള്ള പഠനം by സർവ്വെ, അഭിമുഖം, നിരീക്ഷണം | ആവശ്യമുള്ള സന്ദർഭങ്ങളിൽ | സയൻസ് ക്ലബ്ബ് | പി.ടി.എ. |
| 2.ശാസ്ത്രമേളകളിൽ പൂർണ്ണപങ്കാളിത്തം ഉറപ്പുവരുത്തൽ | മേളകളിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് പരമാവധി പ്രോത്സാഹനം നൽകൽ. | 1 വർഷത്തിൽ 3 മാസം | സയൻസ് ക്ലബ്ബ് | പി.ടി.എ. |
| 3. <u>**ശാസ്ത്രലാബ് നവീകരണം**</u> ശാസ്ത്രലാബിനെ കാലാനുസൃതമായി നവീകരിക്കൽ. | ഫിസിക്സ്. കെമിസ്ട്രി, ബയോളജി വിഷയങ്ങളുമായി ബന്ധപ്പെട്ട ഉപകരണങ്ങളും മറ്റ് സാമഗ്രികളും പ്രത്യേകം പ്രത്യേകം സജ്ജീകരിക്കൽ. | ജനുവരി മുതൽ 1 മാസം | സയൻസ് ടീച്ചേർസ് | - |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളെ ഉപയോഗപ്പെടുത്തൽ. | സ്കൂൾ കെട്ടിടത്തിന് മുകളിൽ സൗരോർജ്ജ പാനൽ സ്ഥാപിച്ച് സ്കൂളിനാവശ്യമുള്ള വൈദ്യുതി ലഭ്യമാക്കൽ. | 1 വർഷം | പി.ടി.എ | 5 ലക്ഷം MLA/MPഫ |
| 2.പഠന പിന്നോക്കാവസ്ഥയുള്ള കുട്ടികൾക്ക് പ്രത്യേക പരിശീലനം | അധ്യാപകൻ-കുട്ടി കുട്ടി-കുട്ടി (Peer Group) എന്നിങ്ങനെ 2 തലത്തിൽ പരിശീലനം. | ആഴ്ചയിൽ 2 ദിവസം | SRG, സയൻസ് ടീച്ചർ | - |
| 3. ശാസ്ത്രമാസിക, ശാസ്ത്ര പതിപ്പ് തയ്യാറാക്കൽ | കുട്ടികൾ തയ്യാറാക്കുന്ന ശാസ്ത്ര സംബന്ധമായ അറിവുകൾ, ലേഖനങ്ങൾ, കവിതകൾ തുടങ്ങിയവ ഉപയോഗപ്പെടുത്തി ശാസ്ത്രമാസിക, ശാസ്ത്രപതിപ്പ് എന്നിവ തയ്യാറാക്കൽ | 6 മാസത്തിൽ ഒരിക്കൽ | SRG, സയൻസ് ടീച്ചർ | |
| 4.ചോദ്യപേപ്പർ ശില്പശാല സംഘടിപ്പിക്കൽ, സമഗ്രയിൽ ചേർക്കൽ | തെരഞ്ഞെടുക്കപ്പെട്ട കുട്ടികളെ ഉപയോഗപ്പെടുത്തി ചോദ്യപേപ്പർ ശില്പശാല സംഘടിപ്പിച്ച് ചോദ്യശേഖരം തയ്യാറാക്കൽ - ചോദ്യപേപ്പർ സമഗ്രയിൽ Upload ചെയ്യൽ. | 3 മാസം | SRG, സയൻസ് ടീച്ചർ | 1000/- PTA |
| 5.മോഡൽ, നിർമ്മാണം (ശില്പശാല) | ജീവശാസ്ത്രവുമായി ബന്ധപ്പെട്ട മോഡലുകൾ ശില്പശാലയിലൂടെ നിർമ്മിക്കൽ | 1 മാസം | SRG, സയൻസ് ടീച്ചർ | 2500/- PTA |

| ഉപമേഖല: പരിസ്ഥിതി സംരക്ഷണം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| 1.ജൈവ വൈവിധ്യപാർക്ക് വിപുലപ്പെടുത്തൽ, ജൈവ പന്തലൊരുക്കൽ. | സ്കൂൾ തന്നെ പാഠപുസ്തകം എന്ന ആശയം പ്രാവർത്തികമാക്കി ഒരുക്കിയ ജൈവ വൈവിധ്യ പാർക്ക് വിപുലപ്പെടുത്തൽ, വള്ളിപ്പടർപ്പുകൽ കൊ ് ജൈവ പന്തലൊരുക്കൽ. | 3 മാസം | ഇക്കോക്ലബ് / എൻ.എസ്.എസ്. | പി.ടി.എ. 2000 |
| 2.സ്കൂൾ മുറ്റത്തെ ഔഷധത്തോട്ടം വിപുലപ്പെടുത്തൽ. | ഔഷധസസ്യങ്ങളെയും ഔഷധസസ്യങ്ങളുടെ പ്രാധാന്യം തിരിച്ചറിയുന്നതിനും ഔഷധത്തോട്ടം വിപുലപ്പെടുത്തൽ എല്ലാ സസ്യങ്ങൾക്കും നാമകരണം. | 3 മാസം | ഇക്കോക്ലബ് / എൻ.എസ്.എസ്. | പി.ടി.എ. 2000 |
| 3.ജൈവവൈവിധ്യ രജിസ്റ്റർ പഠനത്തിന് ഉപയോഗപ്പെടുത്തൽ | ജൈവ വൈവിധ്യ രജിസ്റ്റർ ശാസ്ത്ര പഠനത്തിന് ഉപയോഗപ്പെടുത്തി നേർ അനുഭവം ഉറപ്പുവരുത്തൽ. | 3 മാസം | ഇക്കോക്ലബ് / എൻ.എസ്.എസ്. | - |
| 4.നാട്ടുമാവ് സംരക്ഷണം | സ്കൂൾ മുറ്റത്തെ നാട്ടുമാവുകൾക്ക് പൂർണ്ണസംരക്ഷണമൊരുക്കൽ | എല്ലാ ദിവസവും | ഇക്കോക്ലബ് | - |

## ഉപമേഖല: ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. ഗണിത പഠന പ്രവർത്തനങ്ങൾ ലളിതമാക്കൽ | 1) ഗണിത ലാബ് പ്രത്യേകമായി സജ്ജീകരിക്കുകയും കുട്ടികൾക്ക് ഗണിതാശയങ്ങൾ ലളിതമായി അവതരിപ്പിക്കുകയും ചെയ്യുക | ലാബ് സജ്ജീകരണം - അവധിക്കാലത്ത്. | പി.ടി.എ. ഗണിത ടീച്ചർ | 2,00,000/- |
| | 2). ജാമ്യതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയമുറ്റത്ത് ഗണിതപാർക്ക് സജ്ജീകരിക്കൽ. | ജൂൺ-ജൂലായ് | പി.ടി.എ. ഗണിത ടീച്ചർ | 2000/- പി.ടി.എ. |
| 2.ഗണിതത്തിലെ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കൽ | 1). വർക്ക് ഷീറ്റുകൾ ഉപയോഗിച്ച് കുട്ടികളിൽ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കുന്നു. | ജൂൺ 1 മാസം | ഗണിത ടീച്ചർ | പി.ടി.എ. |
| | 2). ക്ലാസ്സിലെ കണക്കിൽ മിടുക്കരായ കുട്ടികളെ ഉപയോഗപ്പെടുത്തി അടിസ്ഥാന ഗണിതാശയങ്ങൾ ഉറപ്പിക്കൽ | ജൂൺ 1 മാസം | ഗണിത ടീച്ചർ | - |
| 3. ഗണിത ക്ലിനിക്ക് | ഏറ്റവും മികച്ച വിദ്യാർത്ഥികളെയും അധ്യാപകരെയും ഉപയോഗപ്പെടുത്തി ഗണിതക്ലിനിക്ക്. | 1 വർഷം | ഗണിത ടീച്ചർ, ഗണിത ക്ലബ്ബ് | - |

## ഹിന്ദി

### മേഖല: അക്കാദമികം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. എല്ലാ കുട്ടികൾക്കും മാതൃഭാഷ കൈകാര്യം ചെയ്യുന്നതു പോലെ ഹിന്ദിയിൽ എഴുതാനും വായിക്കാനുമുള്ള കഴിവ് ഉ ാക്കുക. | 1). ഹിന്ദി ന്യൂസ് പേപ്പർ വായിക്കാനുള്ള സൗകര്യം ഒരുക്കുക. | | ഹിന്ദി ടീച്ചർ | പി.ടി.എ. സ്പോൺസർഷിപ്പ |
| | 2).ലൈബ്രറിയിൽ ഹിന്ദിയിലുള്ള ചെറുപുസ്തകങ്ങൾ എത്തിച്ച് വായന പ്രോത്സാഹിപ്പിക്കുക. | 2 മാസം | | |
| | 3).ഹിന്ദി ക്ലബ്ബിനെ ഊർജ്ജസ്വലമാക്കി കൂടുതൽ ശക്തിപ്പെടുത്തുകയും ആകർഷകമാക്കുകയും ചെയ്യുക. | | ഹിന്ദി ടീച്ചർ | |
| | 4).ആഴ്ചയിൽ ഒരു തവണയെങ്കിലും ഹിന്ദി ഭാഷയിൽ അസംബ്ലി നടത്തുക | ആവശ്യമനുസരിച്ച് | SRG, ഹിന്ദി ടീച്ചർ | |
| | 5).ഹിന്ദി നാടകം നടത്തുക. | | ഹിന്ദി ടീച്ചർ | |
| | 6). കുട്ടികളെ കൊ ചെറുചെറു വിഷയങ്ങളിൽ എഴുതാനുള്ള കഴിവ് വർദ്ധിപ്പിക്കുക. | | ഹിന്ദി ടീച്ചർ | |
| | 7). ഹിന്ദി പ്രസംഗം, കവിതാലാപനം ഇവ പരിപോഷിപ്പിക്കുക. | | | |

**ഉപമേഖല: പ്രവൃത്തി പരിചയം**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പ്രവൃത്തി പരിചയ പരിശീലനം | തല്പരരായ കുട്ടികൾക്ക് പ്രവൃത്തി പരിചയത്തിൽ പരിശീലനം നൽകി മികച്ച ഉൽപ്പന്നങ്ങൾ ഉ ാക്കൽ. ഇതിനായി വിദഗ്ദരുടെ സേവനം ഉപയോഗപ്പെടുത്തൽ. | 1 വർഷത്തിൽ 1 മാസം | SRG | 10,000/- തദ്ദേശ സ്വയംഭരണ സ്ഥാപനം |

**ഉപമേഖല: കലാരംഗം**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കലാമികവുള്ളവർക്ക് പരിശീലനം | ഉപകരണ സംഗീതത്തിലും മറ്റ് കലാവാസനകളും ഉള്ള കുട്ടികൾക്ക് വിദഗ്ദരെ പങ്കെടുപ്പിച്ച് പരിശീലനം നൽകൽ. | ആഴ്ചയിൽ 2 ദിവസം 1 വർഷം | SRG | PTA 10,000/- |

**ഉപമേഖല: ORC**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളെ നേർവഴിക്ക് നയിക്കുന്നതിന് ORC ട്രെയിനിംഗ് സഹവാസ ക്യാമ്പുകൾ | ORC ട്രെയിനിംഗിന്റെ ഭാഗമായി സഹവാസ ക്യാമ്പുകളും ട്രെയിനിംഗ് ക്ലാസ്സുകളും. | 6 മാസത്തിൽ ഒരിക്കൽ | ORC,Nodel Teacher | 50,000/- സാമൂഹ്യ നീതി വകുപ്പ് |

**ഉപമേഖല: സ്വയം തൊഴിൽ നൈപുണി വികസനം**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പെൺകുട്ടികൾക്ക് സ്വയം തൊഴിൽ പരിശീലനം | നിർധനരായ കുടുംബങ്ങളിലെ പെൺകുട്ടികൾക്ക് സ്വയം തൊഴിൽ നൈപുണി വികസനത്തിന്റെ ഭാഗമായി സൗജന്യ തുന്നൽ പരിശീലനം. | ആഴ്ചയിൽ 3 ദിവസം വൈകുന്നേരം. 2 വർഷം | സീനിയർ അസിസ്റ്റന്റ് | പി.ടി.എ. 1 വർഷം 40,000/- |

Aug 16, 2025, 13:51

| ഉപമേഖല: കായിക വിദ്യാഭ്യാസം | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| കുട്ടികളുടെ കായികശേഷി വർദ്ധിപ്പിച്ച് മികവിലെത്തിക്കൽ | കുട്ടികളുടെ കഴിവുകൾ പരിഗണിച്ച് താൽപര്യമുള്ള മേഖലകളിൽ പരിശീലനം നൽകി കൂടുതൽ മികവിലേക്കെത്തിക്കൽ<br>എ).ഫുട്ബോൾ ഡെബോർഡിംഗ് പരിശാലനം. | എല്ലാ ദിവസവും രാവിലെയും വൈകീട്ടും അവധി ദിവസങ്ങളിലും 1 വർഷം | കായികാധ്യാപകൻ | പി.ടി.എ.,<br>50,000/- |
| | രാവിലെയും വൈകീട്ടും 30 ആൺ കുട്ടികൾക്കും 50 പെൺകുട്ടികൾക്കും ക്ലാസ് സമയത്തിന് മുമ്പും പിമ്പും പരിശീലനം | 1 വർഷക്കാലം | കായികാധ്യാപകൻ | - |

Aug 16, 2025, 13:51

## ഉപമേഖല : ഹൈടെക് ക്ലാസ് മുറികൾ

| ലക്ഷ്യം | പ്രവർത്തനം | ചുമതല | കാലം | പിന്തുണ/ സാമ്പത്തികം |
|---|---|---|---|---|
| സ്കൂളിൽ ഹൈടെക് ആക്കാൻ ബാക്കിയുള്ള റൂമുകൾ ഹൈടെക് ആക്കൽ | പൂർവ്വവിദ്യാർത്ഥികൾ ജനപ്രതിനിധികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങിയവയുടെ സഹകരണത്തോടെ ബാക്കിയുള്ള ക്ലാസ് മുറികൾ ഹൈടെക് ആക്കുന്ന പ്രവർത്തനം | പി.ടി.എ | 6 മാസം | ജനപ്രതിനിധികൾ<br>പൂർവ്വവിദ്യാർത്ഥികൾ<br>10,00,000/- |

## ഉപമേഖല : കൗൺസിലിങ്ങ്

| ലക്ഷ്യം | പ്രവർത്തനം | ചുമതല | കാലം | പിന്തുണ/ സാമ്പത്തികം |
|---|---|---|---|---|
| വിവിധങ്ങളായ പ്രശ്നങ്ങൾ നേരിടുന്ന കുട്ടികൾക്ക് കൗൺസിലിങ്ങ് നൽകൽ. നല്ല വ്യക്തിത്വമുള്ളവരാക്കൽ. | •ആത്മവിശ്വാസം, ധൈര്യം ഇവ വർദ്ധിപ്പിച്ച് കുട്ടികൾ നേരിടുന്ന വിവിധങ്ങളായ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തൽ.<br>•ഗൃഹസന്ദർശനം, അഭിമുഖം, നിരീക്ഷണം, പ്രശ്നപരിഹരണം തുടങ്ങിയ വിവിധ മാർഗ്ഗങ്ങൾ അവലംബിച്ച് കൗൺസിലിംഗ് ഫലപ്രദമാക്കൽ. ഇൻഡിവിഡ്വൽ കൗൺസിലിങ്ങ്, ഗ്രൂപ്പ് കൗൺസിലിങ്ങ്. | കൗൺസിലിങ്ങ് ടീച്ചർ | ജൂണിൽ തുടങ്ങി എല്ലാ ദിവസവും | |

Aug 16, 2025, 13:51

## ഉപമേഖല : കലാപരിപോഷണം

| ലക്ഷ്യം | പ്രവർത്തനം | ചുമതല | കാലം | പിന്തുണ/ സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളുടെ സർഗ വാസനകളെ പരി പോഷിപ്പിക്കൽ. | •കുട്ടികളുടെ സർഗ വാസനകൾ ക ത്തുകയും അവ പരി പോഷിപ്പിക്കുകയും ചെയ്യുക.<br>•സംഗീതം, നൃത്തം, അഭിനയം, കഥാരച ന, കവിരചന, കവി താലാപനം, ഉപക രണ സംഗീതം തുട ങ്ങി വ്യത്യസ്തങ്ങ ളായ കഴിവുകളുള്ള കുട്ടികളെ ക ത്തി അവരുടെ സർഗവാ സനകൾ പരിപോഷി പ്പിക്കുന്നതിനുള്ള പരിശീലനങ്ങൾ നൽകൽ. | കലാധ്യാപ കർ, എസ്.ആർ.ജ 1 | 2019 ജൂൺ മുതൽ 2 വർഷം | പി.ടി.എ.<br>1,00,000/- |

Aug 16, 2025, 13:52

## ഉപമേഖല : കായിക മികവ് വർദ്ധിപ്പിക്കൽ

| ലക്ഷ്യം | പ്രവർത്തനം | ചുമതല | കാലം | പിന്തുണ/ സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളുടെ കായിക ശേഷി വർദ്ധിപ്പിക്കൽ.<br>• കായിക മത്സരങ്ങളിൽ മികവിലേക്കെത്തിക്കൽ | ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ഫുട്ബോൾ, വോളിവോൾ തുടങ്ങിയ കളികളിൽ പരിശീലനം നൽകൽ. സംസ്ഥാനതല, ദേശീയതല മത്സരങ്ങളിൽ എത്തി മികവ് പ്രകടിപ്പിക്കുന്നതിന് ആവശ്യമായ പരിശീലനം നൽകൽ | കായികാധ്യാപകൻ | ജൂൺ മുതൽ എല്ലാ ദിവസവും 2 വർഷം | പി.ടി.എ.,<br>ഡെ ബോർഡിംഗ് സ്കീം |

Aug 16, 2025, 13:52

## ഉപമേഖല : സ്വയം പ്രതിരോധശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനം | ചുമതല | കാലം | പിന്തുണ/ സാമ്പത്തികം |
|---|---|---|---|---|
| പെൺകുട്ടികളിൽ സ്വയം പ്രതിരോധ ശേഷി വർദ്ധിപ്പിക്കൽ | കുട്ടികൾക്ക് കരാട്ടേ, തെയ്ക്കോ ോ, കളരി തുടങ്ങിയവയിൽ പരിശീലനം നൽകി സ്വയം പ്രതിരോധത്തിന് ശേഷി വർദ്ധിപ്പിക്കൽ. | കായികാധ്യാപകൻ | ആഴ്ചയിൽ 3 ദിവസം 1 വർഷം | പി.ടി.എ. 20,000/- |

Aug 16, 2025, 13:52

# ഉപസംഹാരം

നാവായിക്കുളം ഗവൺമെൻറ് ഹയർ സെക്കൻററി സ്കൂളിന്റെ ഈ അക്കാദമിക മാസ്റ്റർ പ്ലാൻ സ്കൂളിൻറെ പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കൃത്യമായ ദിശാബോധത്തോടെ തയ്യാറാക്കിയതാണ്. കുട്ടിയുടെ സർവ്വതോന്മുഖമായ വികാസമാണ് വിദ്യാഭ്യാസം കൊണ്ട് ലക്ഷ്യമാക്കുന്നത്. ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടിയുടെ അവകാശമാണ് എന്ന ആശയം പൂർണ്ണമായും പ്രാവർത്തികമാക്കാൻ ഈ അക്കാദമി മാസ്റ്റർ പ്ലാനിൽ രേഖപ്പെടുത്തിയ പ്രവർത്തനങ്ങളിലൂടെ സാധിക്കും എന്ന വിശ്വാസമാണ് നമുക്കുള്ളത്. പഠന പ്രവർത്തനങ്ങൾക്ക് അനുബന്ധമായ ഈ പ്രവർത്തനങ്ങൾ ഉദ്ദേശിച്ച രീതിയിൽ നടപ്പിലാക്കാൻ രക്ഷിതാക്കളുടേയും സമൂഹത്തിന്റെയും ജനപ്രതിനിധികളുടേയും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടേയും സഹായം കൊണ്ട് സ്കൂളിന് സാധിക്കും എന്ന വിശ്വാസത്തോടെ തയ്യാറാക്കിയ ഈ അക്കാദമിക മാസ്റ്റർ പ്ലാൻ ഗുണമേന്മാ വിദ്യാഭ്യാസത്തിന് മുതൽകൂട്ടാണ് എന്ന ഉത്തമ വിശ്വാസത്തോടെ സമർപ്പിക്കുന്നു.

| ജി.എച്ച്.എസ്.എസ് നാവായിക്കുളം | | |
|---|---|---|
| അക്കാദമിക കലണ്ടർ 2025 – 26 | | |
| ജൂലൈ | | |
| തീയതി | പ്രവർത്തനങ്ങൾ | ചുമതല |
| 01/07/25 | ഡോക്ടർ ദിനം | |
| 05/07/25 | ബഷീർ ദിനം | വിദ്യാരംഗം ക്ലബ് |
| | യൂണിറ്റ് ടെസ്റ്റ് | എസ്.ആർ..ജി |
| 11/07/25 | ജനസംഖ്യാദിനം | |
| 12/07/25 | മലാലദിനം | ഇംഗ്ലീഷ് ക്ലബ് |
| | പ്രകൃതിസംരക്ഷണദിനം | Eco ക്ലബ് |
| 21/07/25 | ചാന്ദ്രദിനം | സയൻസ് ക്ലബ് |
| | എസ്.ആർ.ജി | |
| | ഫുഡ് ഫെസ്റ്റ് | ഹെൽത്ത് ക്ലബ് |
| 31/07/25 | ഹിന്ദി ക്ലബ് | പ്രേംചന്ദ് ദിനം |
| | ബാഡ്ജ് നിർമ്മാണം | |
| | ക്വിസ്സ് | |
| | | |
| | | |

Aug 16, 2025, 14:13

# ജി.എച്ച്.എസ്.എസ് നാവായിക്കുളം

## അക്കാദമിക കലണ്ടർ 2025 – 26

### ജൂൺ

| തീയതി | പ്രവർത്തനങ്ങൾ | ചുമതല |
|---|---|---|
| 02/06/25 | പ്രവേശനോത്സവം<br>SRG Meeting | SRG |
| 05/06/25 | പരിസ്ഥിതി ദിനം | Eco ക്ലബ് |
| | പോസ്റ്റർ രചനാ മത്സരം | |
| | ക്വിസ്സ് മത്സരം | |
| | പരിസ്ഥിതി ദിനറാലി | |
| | തൈ നടീൽ | |
| | കവിതാലാപനം | |
| | പ്രസംഗം | |
| | നൃത്താവിഷ്കാരം | |
| 17/06/25 | ക്ലാസ് പി.ടി.എ (UP) | ക്ലാസ് ടീച്ചർ |
| 18/06/25 | ക്ലാസ് പി.ടി.എ (HS) | ക്ലാസ് ടീച്ചർ |
| 12/06/25 | SRG | SRG |
| 19/06/25 | വായനാദിനം | വിദ്യാരംഗം |
| | പുസ്തകപ്രദർശനം | |
| | പുസ്തകപൂക്കളം | |
| | പുസ്താസ്വാദനം | |
| | കവിതാലാപനം | |
| | കഥാരചന | |
| | ഉപന്യാസരചന | |
| | അക്ഷരകലാജാഥ | |
| | സാഹിത്യക്വിസ് | |
| 23/06/25 | SRG മീറ്റിംഗ് | SRG |
| 24/06/25 | യോഗ ക്ലാസ് | SPORTS CLUB |
| 26/06/25 | ലോകലഹരി വിരുദ്ധദിനം | വിമുക്തി ക്ലബ് |
| | ലഹരി വിരുദ്ധദിന റാലി | |
| | എയറോബിക്സ് ഡിസ്പ്ലേ | |
| | ലഹരി വിരുദ്ധദിന പ്രതിജ്ഞ | |
| | ലഹരിവിരുദ്ധദിന സന്ദേശം | |
| | | |

Aug 16, 2025, 14:13

# ജി.എച്ച്.എസ്.എസ് നാവായിക്കുളം

## അക്കാദമിക കലണ്ടർ 2025 – 26

### ആഗസ്റ്റ്

| തീയതി | പ്രവർത്തനങ്ങൾ | ചുമതല |
|---|---|---|
| 06/08/25 | ഹിരോഷ്മ ദിനം | S.S ക്ലബ് |
| 08/08/25 | നാഗസാക്കി ദിനം | S.S ക്ലബ് |
| 15/08/25 | സ്വതന്ത്ര ദിനം | S.S ക്ലബ് |
| | ഒന്നാംപാദവാർഷികമൂല്യ നിർണ്ണയം | |
| 18/08/25 | കർഷക ദിനം | വിദ്യാരംഭം ക്ലബ് |
| 29/08/25 | ദേശീയ കായിക ദിനം | സ്പോർട്സ് ക്ലബ് |
| | SRG | SRG Convenor |
| | ഓണാഘോഷം | SRG Convenor |
| | | |

Aug 16, 2025, 14:13

## അക്കാദമിക കലണ്ടർ 2025 - 26

### സെപ്തംബർ

| തിയതി | പ്രവർത്തനങ്ങൾ | ചുമതല |
|---|---|---|
| | ക്ലാസ് പി. ടി. എ | |
| | കലാകായിക ശാസ്ത്രമേളകൾ | സ്പോർട്സ് ക്ലബ്<br>S S ക്ലബ്<br>സയൻസ് ക്ലബ് |
| 05/09/25 | അധ്യാപക ദിനം | S S ക്ലബ് |
| 16/09/25 | ഓസോൺ ദിനം | സയൻസ് ക്ലബ് |
| | സാഹിത്യശില്പശാല | വിദ്യാരംഗം ക്ലബ് |
| 14/10/25 | ഹിന്ദി ദിവസം | ഹിന്ദി ക്ലബ് |
| | SRG | SRG |
| | | |
| | | |

Aug 16, 2025, 14:14

# ജി.എച്ച്.എസ്.എസ് നാവായിക്കുളം

## അക്കാദമിക കലണ്ടർ 2025 – 26

### സെപതംബർ

| തീയതി | പ്രവർത്തനങ്ങൾ | ചുമതല |
|---|---|---|
| | ക്ലാസ് പി.ടി.എ | |
| | കലാകായിക ശാസ്ത്രമേളകൾ | സ്പോർട്സ് ക്ലബ്<br>S S ക്ലബ്<br>സയൻസ് ക്ലബ് |
| 05/09/25 | അധ്യാപക ദിനം | S S ക്ലബ് |
| 16/09/25 | ഓസോൺ ദിനം | സയൻസ് ക്ലബ് |
| | സാഹിത്യശില്പശാല | വിദ്യാരംഗം ക്ലബ് |
| 14/10/25 | ഹിന്ദി ദിവസം | ഹിന്ദി ക്ലബ് |
| | SRG | SRG |
| | | |
| | | |

Aug 16, 2025, 14:14

# ജി.എച്ച്.എസ്.എസ് നാവായിക്കുളം

## അക്കാദമിക കലണ്ടർ 2025 – 26

### ഒക്ടോബർ

| തീയതി | പ്രവർത്തനങ്ങൾ | ചുമതല |
|---|---|---|
| 02/10/25 | ഗാന്ധിജയന്തി | ഗാന്ധിദർശൻ ക്ലബ് |
| 14/10/25 | ലോകഭക്ഷ്യദിനം | |
| | യൂണിറ്റ് ടെസ്റ്റ് | |
| | എസ്. ആർ. ജി | |
| | ഗണിതലാബ് സജീകരിക്കൽ | മാത്സ് ക്ലബ് |
| | ജ്യാമിതീയ രൂപങ്ങളുടെ നിർമ്മാണം | |
| | പാറ്റേണുകളുടെ നിർമ്മാണം | |
| | ക്ലബ് പ്രവർത്തനങ്ങൾ | വിവിധ ക്ലബുകൾ |
| | | |
| | | |

Aug 16, 2025, 14:14

# ജി.എച്ച്.എസ്.എസ് നാവായിക്കുളം

## അക്കാദമിക കലണ്ടർ 2025 – 26

| നവംബർ | | |
|---|---|---|
| തീയതി | പ്രവർത്തനങ്ങൾ | ചുമതല |
| 01/11/25 | കേരളപ്പിറവി | മലയാളം ക്ലബ് |
| 14/11/25 | ശിശുദിനം | മലയാളം ക്ലബ് |
| | യൂണിറ്റ് ടെസ്റ്റ് | എസ്. ആർ. ജി |
| | പൂന്തോട്ടനിർമ്മാണം | എക്കോ ക്ലബ് |
| | എസ്. ആർ. ജി | |
| | ക്ലബ് പ്രവർത്തനങ്ങൾ | വിവിധ ക്ലബുകൾ |
| | | |
| | | |

Aug 16, 2025, 14:14

# ജി.എച്ച്.എസ്.എസ് നാവായിക്കുളം

## അക്കാദമിക കലണ്ടർ 2025 – 26

### ഡിസംബർ

| തീയതി | പ്രവർത്തനങ്ങൾ | ചുമതല |
|---|---|---|
| | ഗണിത ലാബ് | മാത്സ് ക്ലബ് |
| | ഗണിതശില്പശാല | |
| 22/12/25 | ശ്രീനിവാസരാമാനുജൻദിനം | മാത്സ് ക്ലബ് |
| | രണ്ടാം പാദവാർഷിക മൂല്യനിർണ്ണയം | |
| | ക്രിസ്തുമസ് ആഘോഷം | |
| | എസ്.ആർ.ജി | |
| | ക്ലബ് പ്രവർത്തനങ്ങൾ | വിവിധ ക്ലബുകൾ |
| | | |
| | | |

Aug 16, 2025, 14:14

# ജി.എച്ച്.എസ്.എസ് നാവായിക്കുളം

## അക്കാദമിക കലണ്ടർ 2025 – 26

| ജനുവരി | | |
|---|---|---|
| തീയതി | പ്രവർത്തനങ്ങൾ | ചുമതല |
| 26/01/26 | Republic day | SS Club |
| | School Tour | Tour Convenor |
| | S R G | |
| | ആരോഗ്യക്ലാസ് | Health Club |
| | കൗമാര വിദ്യാഭ്യാസക്ലാസ് | Health Club |
| | Club പ്രവർത്തനങ്ങൾ | വിവിധ ക്ലബുകൾ |
| | | |

Aug 16, 2025, 14:14

# ജി.എച്ച്.എസ്.എസ് നാവായിക്കുളം

## അക്കാദമിക കലണ്ടർ 2025 – 26

### ഫെബ്രുവരി

| തീയതി | പ്രവർത്തനങ്ങൾ | ചുമതല |
| --- | --- | --- |
| | മാതൃഭാഷാദിനം | വിദ്യാരംഗം |
| 02/02/26 | തണ്ണീർത്തട സംരക്ഷണദിനം | Science Club |
| | ദേശീയ ശാസ്ത്രദിനം | |
| | USS പഠനോത്സവം | SRG |
| | യൂണിറ്റ് ടെസ്റ്റ് | SRG |
| | SRG | SRG |
| | | |
| | | |

Aug 16, 2025, 14:15

## ജി.എച്ച്.എസ്.എസ് നാവായിക്കുളം

## അക്കാദമിക കലണ്ടർ 2025 – 26

| മാർച്ച് | | |
|---|---|---|
| തീയതി | പ്രവർത്തനങ്ങൾ | ചുമതല |
| | വാർഷികമൂല്യനിർണ്ണയം | |
| | വാർഷികാഘോഷം | |
| 21/03/26 | ലോകവനദിനം | S.S ക്ലബ് |
| 22/02/26 | ലോകജലദിനം | S.S ക്ലബ് |
| | S R G | S R G |
| | പഠനക്യാമ്പ് | |
| | | |

Aug 16, 2025, 14:15